# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 1743 14.08.2017 ൽ മറുപടിയ്ക്കുണ്ടായിരുന്നത്

## പോലീസ് മർദ്ദനം സംബന്ധിച്ച് സമഗ്ര അന്വേഷണം നടത്തുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഐ.സി.ബാലകൃഷ്ണൻ | ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) പാവറട്ടി പോലീസ് കസ്റ്റഡിയിലെടുത്ത് വിട്ടയച്ച എങ്ങണ്ടിയൂർ സ്വദേശിയായ വിനായകൻ മരിച്ചത് പോലീസ് മർദ്ദനം മൂലമാണെന്ന ആരോപണം അന്വേഷിച്ചിരുന്നോ എന്ന് വ്യക്തമാക്കുമോ ; | (എ) വിനായകന് പോലീസിൽ നിന്നും മർദ്ദനമേറ്റു എന്ന പരാതി സംബന്ധിച്ച് വാടാനപ്പള്ളി പോലീസ് സ്റ്റേഷൻ ക്രൈം നം.826/2017 u/s.341, 323, 324, 34 IPC & Sec. 3(2)V(a) of SC/ST PoA Act പ്രകാരം കേസ്സ് രജിസ്റ്റർ ചെയ്തിട്ടുള്ളതും പ്രസ്തുത കേസ്സ് ക്രൈം നം.143/CR/OCW-III/PKD/2017 ആയി റീ-നമ്പർ ചെയ്ത് 02/08/2017 തീയതി മുതൽ സംസ്ഥാന ക്രൈംബ്രാഞ്ച് വിഭാഗം അന്വേഷണം നടത്തിവരുന്നു. |
| (ബി) ദളിത് വിഭാഗത്തിൽപ്പെട്ട വിനായകനെ പോലീസ് സ്റ്റേഷനിൽ പോലീസുകാർ ബൂട്ടിട്ട് ചവിട്ടുകയും ക്രൂരമായി മർദ്ദിക്കുകയും ചെയ്തതിനെക്കുറിച്ച് സമഗ്ര അന്വേഷണം നടത്തി കുറ്റക്കാരായ പോലീസുദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ; | (ബി) പാവറട്ടി പോലീസ് സ്റ്റേഷനിലെ സി.പി.ഒ. ശ്രീജിത്ത്, എസ്.സി.പി.ഒ. (ഗ്രേഡ്) സാജൻ എന്നിവർക്കെതിരെ തൃശ്ശൂർ ജില്ലാ പോലീസ് മേധാവിയുടെ ഉത്തരവ് നമ്പർ എച്ച്1/3834/2017/ആർ.സി. പ്രകാരം അന്വേഷണവിധേയമായി സസ്പെന്റ് ചെയ്തിട്ടുള്ളതും, കൂടാതെ ഗുരുവായൂർ പോലീസ് സർക്കിൾ ഇൻസ്പെക്ടർ ഇ. ബാലകൃഷ്ണൻ, പാവറട്ടി പി.എസ്, സബ് ഇൻസ്പെക്ടർ അരുൺ ഷാ എന്നിവർക്കെതിരെ തൃശ്ശൂർ റെയ്ഞ്ച് ഐ.ജി.യുടെ ഉത്തരവ് നം.എ 29a)/PR/32/AB/2017/TSR തീയതി 29.07.2017 പ്രകാരം വാച്യാന്വേഷണത്തിന് ഉത്തരവായിട്ടുള്ളതുമാണ്. അന്വേഷണം പൂർത്തിയാകുന്ന മുറയ്ക്ക് അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്. |

(സി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പോലീസ് കസ്റ്റഡിയിലെടുത്ത എത്ര പേർ കസ്റ്റഡിയിൽ മരണപ്പെട്ടിട്ടുണ്ട് എന്നറിയിക്കാമോ;വിശദാംശം നൽകുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പോലീസ് കസ്റ്റഡിയിലെടുത്ത 3 പേർ കസ്റ്റഡിയിൽ മരണപ്പെട്ടിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| Sl. No. | District | Police Station | കസ്റ്റഡിയിൽ മരണപ്പെട്ടിട്ടുള്ളവരുടെ പേരും വിവരം | Crime No. | Section of law |
|---|---|---|---|---|---|
| 1 | Malappuram | Vandoor P.S. | Abdhul Latheef, S/o. Muhammed (45), Thondiyil, Vandoor | 348/16 | 174 CrPc |
| 2 | Kollam Rural | Kundara P.S. | Kunjumon (39) | 2604/16 | 174 CrPc |
| 3 | Kannur | Thalassery | Kalinuthu (42), Theni, Mavattam, Andipetty, Salem, Tamilnadu | 1983/16 | 174 CrPc |

(ഡി) കസ്റ്റഡിയിലെടുത്ത് ചോദ്യം ചെയ്ത് വിട്ടയച്ചവരിൽ എത്ര പേർ ദുരൂഹ സാഹചര്യത്തിൽ മരണപ്പെടുകയോ ആത്മഹത്യ ചെയ്യുകയോ ചെയ്തതായി കണ്ടെത്തിയിട്ടുണ്ട് എന്നറിയിക്കാമോ; വിശദാംശം നൽകുമോ;

(ഡി) കസ്റ്റഡിയിലെടുത്ത് ചോദ്യം ചെയ്ത് വിട്ടയച്ചവരിൽ ഒരാൾ ആത്മഹത്യ ചെയ്തതായി കണ്ടെത്തിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| Sl. No | District | Police Station | പേരും വിവരം | Crime No. | Section of law |
|---|---|---|---|---|---|
| 1 | Thrissur City | Pavaratty P.S. | Vinayakan C.K (18), S/o. Krishna, Chakkandan house, Engandiyoor, Chandhappadi West | 803/17 | 174 CrPc |

| | | | |
|---|---|---|---|
| (ഇ) | പോലീസ് കസ്റ്റഡിയിൽ മരണപ്പെടുകയോ പിന്നീട് ആത്മഹത്യചെയ്യുകയോ ചെയ്തവരിൽ ദളിത് വിഭാഗത്തിൽപെട്ട എത്ര പേരുണ്ടെന്ന് വ്യക്തമാക്കുമോ; | (ഇ) | പോലീസ് കസ്റ്റഡിയിലെടുത്ത് ചോദ്യം ചെയ്ത് വിട്ടയച്ചവരിൽ ദളിത് വിഭാഗത്തിൽപ്പെട്ട ഒരാൾ ആത്മഹത്യ ചെയ്തതായി കണ്ടെത്തിയിട്ടുണ്ട്. |
| (എഫ്) | ദളിത് വിഭാഗത്തിൽപ്പെട്ട പാവപ്പെട്ടവരോടുള്ള പോലീസ് അതിക്രമം വർദ്ധിച്ചുവരുന്നതായി കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ കർശന നിർദ്ദേശം നൽകുമോ ? | (എഫ്) | ദളിത് വിഭാഗത്തിൽപ്പെട്ട പാവപ്പെട്ട-വരോടുള്ള പോലീസ് അതിക്രമം വർദ്ധിച്ചുവരുന്നതായി കണ്ടെത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ.